www.gospelinmalayalam.com

# PHILIPPIANS

## PHILIPPIA - ഫിലിപ്പ്യപട്ടണം

BC 356 King Philip of MACEDONIA - മാസിഡോണിയയിലെ ഫിലിപ്പ് രാജാവ് - Father of Alexander the great - മഹാനായ അലക്സാണ്ടർ ചക്രവർത്തിയുടെ പിതാവ് ഈ പട്ടണം ഏറ്റെടുത്തു. പട്ടണം വിശാലമാക്കി അങ്ങനെയാണ് ഈ പേര് ഈ പട്ടണത്തിനു കിട്ടിയത്. Philippia [Philippines ആണെന്ന് ആരും തെറ്റായി ധരിക്കേണ്ട]. ഇത് ഗ്രീസിൽ തന്നെയുള്ള പട്ടണം ആണ്.

Alexander ന്റെ കാലശേഷം ഉയർന്നു വന്ന റോമൻ സാമ്രാജ്യം ഈ പട്ടണം യുദ്ധം ചെയ്തു കീഴടക്കി റോമാസാമ്രാജ്യത്തോടു ചേർത്തു BC 168 ൽ.

BC 42 ൽ അത്രേ Brutus ന്റെയും Cassius ന്റെയും [Julius Ceaser] പട്ടാളത്തെ Mark Antony of Octavius [Later Augustus] യുദ്ധത്തിൽ തോൽപ്പിച്ചത്.

William Shakespeare ന്റെ പ്രസിദ്ധമായ "JULIUS CEASER" എന്ന കൃതി ഈ സംഭവത്തെ ആസ്പദമാക്കി എഴുതിയതാണ്.

ഈ യുദ്ധം നടന്നത് Philipia പട്ടണത്തിന്റെ outside ൽ വച്ചാണ്. യുദ്ധത്തിനു ശേഷം Antony ordered the military to stay there.

Emperor Octavius Philipia പട്ടണത്തെ ഒരു Roman colony ആക്കിത്തീർത്തു. It was a Romans Militory out post. He asked many Roman families to go and live there .

**Acts 16: 12**

*"ഇതു മക്കെദോന്യയുടെ ആ ഭാഗത്തെ ഒരു പ്രധാനപട്ടണവും റോമാക്കാർ കുടിയേറിപ്പാർത്തതും ആകുന്നു. ആ പട്ടണത്തിൽ ഞങ്ങൾ ചില ദിവസം പാർത്തു."*

ഈ പട്ടണത്തിൽ കുടിയേറി പാർത്ത റോമാക്കാർക്ക് ധാരാളം privilages കൊടുത്തിരിക്കുന്നു. Incentives, റോമൻ പൗരത്വം മിക്ക പേർക്കും ഉണ്ടായിരുന്നു. അതുമൂലം Tax Benefits ലഭിച്ചിരുന്നു.

ഒരു synagogue തുടങ്ങാനുള്ള Jews അവിടെ ഉണ്ടായിരുന്നില്ല. കാരണം Philipia ഒരു commercial city ആയിരുന്നില്ല. ഒരു Militory city.

മിലിറ്ററിയിൽ Jews ഉണ്ടായിരുന്നില്ല എന്നു തന്നെ പറയാം.

## GOSPELISATION OF PHILIPIA

ഒരു ദർശനം ഉണ്ടായിട്ടാണ് St. Paul അവിടേയ്ക്ക് കടന്നു പോയത്.

**Acts 16: 6 -10**

*"അവർ ആസ്യയിൽ വചനം പ്രസംഗിക്കരുതെന്നു പരിശുദ്ധാത്മാവു വിലക്കുകയാൽ ഫ്രുഗ്യയിലും ഗലാത്യദേശത്തിലും കൂടി സഞ്ചരിച്ചു, മുസ്യയിൽ എത്തി ബിഥുന്യെക്കു പോകുവാൻ ശ്രമിച്ചു; യേശുവിന്റെ ആത്മാവോ അവരെ സമ്മതിച്ചില്ല. അവർ മുസ്യ കടന്നു ത്രോവാസിൽ എത്തി. അവിടെവെച്ചു പൌലൊസ് രാത്രിയിൽ മക്കെദോന്യക്കാരനായോരു പുരുഷൻ അരികെ നിന്നു: നീ മക്കെദോന്യെക്കു കടന്നുവന്നു ഞങ്ങളെ സഹായിക്ക എന്നു തന്നോടു അപേക്ഷിക്കുന്നതായി ഒരു ദർശനം കണ്ടു. ഈ ദർശനം കണ്ടിട്ടു അവരോടു സുവിശേഷം അറിയിപ്പാൻ ദൈവം ഞങ്ങളെ വിളിച്ചിരിക്കുന്നു എന്നു നിശ്ചയിച്ചു, ഞങ്ങൾ ഉടനെ മക്കെദോന്യെക്കു പുറപ്പെടുവാൻ ശ്രമിച്ചു."*

"മക്കദോന്യയിലേക്ക് കടന്നുവന്ന് ഞങ്ങളെ സഹായിക്കു" എന്നൊരു ദർശനം ത്രോവാസിൽ, രണ്ടാം മിഷനറി യാത്രയിൽ പൗലൂസിനുണ്ടായി.

**Acts 16: 11 (R)**

*"അങ്ങനെ ഞങ്ങൾ ത്രോവാസിൽ നിന്നു കപ്പൽ നീക്കി നേരെ സമൊത്രാക്കെയിലേക്കും പിറ്റെന്നാൾ നവപൊലിക്കും അവിടെ നിന്നു ഫിലിപ്പിയിലേക്കും ചെന്നു".*

Paul & Silas reaches Philipi

**Acts 16: 13 (R)**

*"ശബ്ബത്ത്നാളിൽ ഞങ്ങൾ ഗോപുരത്തിന്നു പുറത്തേക്കു പോയി അവിടെ പ്രാർത്ഥനാസ്ഥലം ഉണ്ടായിരിക്കും എന്നു ഞങ്ങൾ വിചാരിച്ചു പുഴവക്കത്തു ഇരുന്നു; അവിടെ കൂടിവന്ന സ്ത്രീകളോടു സംസാരിച്ചു".*

fleettech@gmail.com

www.gospelinmalayalam.com

**Acts 16: 14 (R)** *"തുയത്തൈരപട്ടണക്കാരത്തിയും രക്താംബരം വില്ക്കുന്നവളുമായി ലുദിയാ എന്നു പേരുള്ള ദൈവഭക്തയായോരു സ്ത്രീ കേട്ടുകൊണ്ടിരുന്നു. പൌലൊസ് സംസാരിച്ചതു ശ്രദ്ധിക്കേണ്ടതിനു കർത്താവു അവളുടെ ഹൃദയം തുറന്നു".*

Lydia എന്ന ദൈവഭക്തയായ സ്ത്രീ കേട്ടു കൊണ്ടിരുന്നു. അവളുടെ ഹൃദയം തുറന്നു.

**Acts 16: 15 (R)** *"അവളും കുടുംബവും സ്നാനം ഏറ്റ ശേഷം: നിങ്ങൾ എന്നെ കർത്താവിൽ വിശ്വസ്ത എന്നു എണ്ണിയിരിക്കുന്നുവെങ്കിൽ എന്റെ വീട്ടിൽ വന്നു പാർപ്പിൻ എന്നു അപേക്ഷിച്ചു ഞങ്ങളെ നിർബ്ബന്ധിച്ചു".*

Lydia യും കുടുംബവും സ്നാനം ഏറ്റു.

[Lydia രക്താംബരം വിൽക്കുന്നവൾ. Business/trade]

**Acts 16: 16 (R)** *"ഞങ്ങൾ പ്രാർത്ഥനാസ്ഥലത്തേയ്ക്കു ചെല്ലുമ്പോൾ വെളിച്ചപ്പാടത്തിയായി ലക്ഷണം പറഞ്ഞു യജമാനന്മാർക്കു വളരെ ലാഭം വരുത്തുന്ന ഒരു ബാല്യക്കാരത്തി ഞങ്ങളെ എതിരേറ്റു".*

വെളിച്ചപ്പാടത്തി ...

**Acts 16: 23 (R)** *"അവരെ വളരെ അടിപ്പിച്ചശേഷം തടവിൽ ആക്കി കാരാഗൃഹപ്രമാണിയോടു അവരെ സൂഷ്മത്തോടെ കാപ്പാൻ കല്പിച്ചു".*

പൗലൂസും സിലാസും തടവിൽ

**Acts 16: 25 (R)** *"അർദ്ധരാത്രിക്കു പൌലൊസും ശീലാസും പ്രാർത്ഥിച്ചു ദൈവത്തെ പാടിസ്തുതിച്ചു: തടവുകാർ ശ്രദ്ധിച്ചുകൊണ്ടിരുന്നു".*

പൗലൂസും സിലാസും പാടി സ്തുതിച്ചു.

**Acts 16: 26 (R)** *"പെട്ടെന്നു വലിയോരു ഭൂകമ്പം ഉണ്ടായി, കാരാഗൃഹത്തിന്റെ അടിസ്ഥാനം കുലുങ്ങി വാതിൽ ഒക്കെയും തുറന്നുപോയി,* എല്ലാവരുടെയും ചങ്ങല അഴിഞ്ഞുവീണു".

ഭൂകമ്പം. കാരാഗ്രഹത്തിന്റ അടിസ്ഥാനം കുലുങ്ങി. വാതിൽ തുറന്നു. ചങ്ങല അഴിഞ്ഞു വീണു.

**Acts 16: 31 (R)** *"കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും എന്നു അവർ പറഞ്ഞു".*

കാരാഗ്രഹ പ്രമാണി വിശ്വസിക്കുന്നു. സ്നാനം ഏൽക്കുന്നു.

ഫിലിപ്പ്യയിലെ സഭ - Lydia & family - Asian Trading family -
- Philipian Jailor & family - Roman Soldier & family- [All Expa-triates]
-വെളിച്ചപ്പാടത്തി - slave girl from Africa probably-

കാരാഗ്രഹത്തിൽ നിന്നും വിടുവിക്കപ്പെട്ട പൌലൂസും സിലാസും പട്ടണം വിട്ടു പോകുന്നു.

**Acts 16: 40** *"അവർ തടവു വിട്ടു ലുദിയയുടെ വീട്ടിൽ ചെന്നു സഹോദരന്മാരെ കണ്ടു ആശ്വസിപ്പിച്ചശേഷം പുറപ്പെട്ടുപോയി".*

മൂന്നാം മിഷനറിയാത്രയിൽ St. Paul വീണ്ടും മാസിഡോണിയയിൽ എത്തുന്നു.

**Acts 20: 1- 2** *"കലഹം ശമിച്ചശേഷം പൌലൊസ് ശിഷ്യന്മാരെ കൂട്ടിവരുത്തി പ്രബോധിപ്പിച്ചിട്ടു യാത്രപറഞ്ഞു മക്കെദോന്യക്കു പുറപ്പെട്ടു പോയി. ആ പ്രദേശങ്ങളിൽ കൂടി സഞ്ചരിച്ചു അവരെ ഏറിയോന്നു പ്രബോധിപ്പിച്ചിട്ടു യവനദേശത്തു എത്തി".*

പൌലൂസ് ജയിലിൽ റോമിൽ കഴിയുമ്പോൾ ഫിലിപ്പ്യസഭ സാമ്പത്തിക സഹായം കൊടുത്തയച്ചു. മാത്രമല്ല Epaphroditus നെ അയയ്ക്കുകയും ചെയ്തു.

**Phil 4: 16** *"തെസ്സലൊനിക്യയിലും എന്റെ ബുദ്ധിമുട്ടു തീർപ്പാൻ നിങ്ങൾ ഒന്നുരണ്ടു വട്ടം അയച്ചു തന്നുവല്ലോ".*

fleettech@gmail.com

www.gospelinmalayalam.com

**Phil 4: 18** *"ഇപ്പോൾ എനിക്കു വേണ്ടുന്നതു എല്ലാം ഉണ്ടു; സമൃദ്ധിയായുമിരിക്കുന്നു; നിങ്ങൾ അയച്ചുതന്നതു സൌരഭ്യവാസനയായി ദൈവത്തിനു പ്രസാദവും സുഗ്രാഹ്യവുമായ യാഗമായി എപ്പഫ്രൊദിത്തോസിന്റെ കയ്യാൽ ഞാൻ പ്രതിഗ്രഹിച്ചു തൃപ്തനായിരിക്കുന്നു".*

Epaphroditus റോമിൽ ഇരിക്കുമ്പോൾ മാരഗരോഗിയായി. എങ്കിലും കർത്താവു വിടുതൽ കൊടുത്തു. സുഖം പ്രാപിച്ചശേഷം പൗലൂസ് ഈ ലേഖനം എപ്പഫ്രൊദിത്തൊസിന്റെ കൈയിൽ കൊടുത്തയക്കുകയാണു ചെയ്തത്.

**Phili 2: 25- 30** *"എന്നാൽ എന്റെ സഹോദരനും കൂട്ടുവേലക്കാരനും സഹഭടനും നിങ്ങളുടെ ദൂതനും എന്റെ ബുദ്ധിമുട്ടിനു ശുശ്രൂഷിച്ചവനുമായ എപ്പഫ്രൊദിത്തൊസിനെ നിങ്ങളുടെ അടുക്കൽ അയക്കുന്നതു ആവശ്യം എന്നു എനിക്കു തോന്നി. അവൻ നിങ്ങളെ എല്ലാവരെയും കാണ്മാൻ വാഞ്ഛിച്ചും താൻ ദീനമായി കിടന്നു എന്നു നിങ്ങൾ കേട്ടതുകൊണ്ടു വ്യസനിച്ചുമിരുന്നു. അവൻ ദീനം പിടിച്ചു മരിപ്പാറായിരുന്നു സത്യം; എങ്കിലും ദൈവം അവനോടു കരുണചെയ്തു; അവനോടു മാത്രമല്ല, എനിക്കു ദുഃഖത്തിന്മേൽ ദുഃഖം വരാതിരിപ്പാൻ എന്നോടും കരുണ ചെയ്തു. ആകയാൽ നിങ്ങൾ അവനെ വീണ്ടും കണ്ടു സന്തോഷിപ്പാനും എനിക്കു ദുഃഖം കുറവാനും ഞാൻ അവനെ അധികം ജാഗ്രതയോടെ അയച്ചിരിക്കുന്നു. അവനെ കർത്താവിൽ പൂർണ്ണസന്തോഷത്തോടെ കൈക്കൊൾവിൻ; ഇങ്ങനെയുള്ളവരെ ബഹുമാനിപ്പിൻ. എനിക്കു വേണ്ടിയുള്ള നിങ്ങളുടെ ശുശ്രൂഷയുടെ കുറവു തീർപ്പാനല്ലോ അവൻ തന്റെ പ്രാണനെപ്പോലും കരുതാതെ ക്രിസ്തുവിന്റെ വേലനിമിത്തം മരണത്തോളം ആയ്പോയതു".*

AD 51ലാണ് Paul, Silas, Luke, Timothy ഇവർ ഫിലിപ്പ്യയിൽ ആദ്യം വന്നത്. AD 62 ലാണ് ഈ ലേഖനം എഴുതുന്നത്. അതും റോമൻ ജയിലിൽ ശിക്ഷ വിധിയും കാത്തു കഴിയുന്ന സമയം.

**Phili 2: 20- 26** *"നിങ്ങളെ സംബന്ധിച്ചു പരമാർത്ഥമായി കരുതുവാൻ തുല്യചിത്തനായി എനിക്കു മറ്റാരുമില്ല. യേശുക്രിസ്തുവിന്റെ കാര്യമല്ല സ്വന്ത കാര്യമത്രേ എല്ലാവരും നോക്കുന്നു. അവനോ മകൻ അപ്പനു ചെയ്യുന്നതുപോലെ എന്നോടു കൂടെ സുവിശേഷഘോഷണത്തിൽ സേവചെയ്തു എന്നുള്ള അവന്റെ സിദ്ധത നിങ്ങൾ അറിയുന്നുവല്ലോ".*

എന്താണ് Philipia ലേഖനത്തിന്റെ പ്രതിപാദ്യ വിഷയം:

**Chapter 1** - For to me to Live is Christ. എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു. (1:21)

**Chapter 2** - Let this mind be in you which was also Christ Jesus. ക്രിസ്തുയേശുവിലുള്ള ഭാവം നിങ്ങളിലും ഉണ്ടായിരിക്കട്ടെ. (2:5)

**Chapter 3** - നമ്മുടെ താഴ്ചയുള്ള ശരീരത്തെ അവന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമാക്കും. (3:21)

**Chapter 4** - എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിലും മതിയാകുന്നു.(4:13)

**<u>Theme in Short</u>:** **"Living the Christian life"**: <u>ക്രിസ്തീയ ജീവിതം ജീവിക്കുക</u>

Rejoice in Christ - സന്തോഷിക്കുക. Joy occurs 4 times, Rejoice occurs 8 times, glad occurs 3 times.

നമ്മുടെ പൗരത്വം സ്വർഗ്ഗത്തിൽ. ഇതു പറയുമ്പോൾ ഫിലിപ്പ്യയിലുള്ള Roman പൗരത്വവും അവർക്കുള്ള previleges ഉം ഓർത്തുകൊണ്ടത്രെ.

**<u>PURPOSE OF THIS EPISTLE</u>**

To Thank Philipian for the Love gift. അതേ സമയം ആ സഭയിലുണ്ടായിരുന്ന ചില പ്രശ്നങ്ങളെയും അഭിസംബോധന ചെയ്യുന്നു.

**(a)** Rivalry & personal ambitions.

fleettech@gmail.com

www.gospelinmalayalam.com

| | |
|---|---|
| **Phili 2: 3- 4** | *"ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്നു എണ്ണിക്കൊൾവിൻ. ഓരോരുത്തൻ സ്വന്തഗുണമല്ല മറ്റുള്ളവന്റെ ഗുണവും കൂടെ നോക്കേണം".* |
| **Phili 4: 2** | *"കർത്താവിൽ ഏകചിന്തയോടിരിപ്പാൻ ഞാൻ യുവൊദ്യയെയും സുന്തുകയെയും പ്രബോധിപ്പിക്കുന്നു".* |
| **(b)** | Teaching of Judaizem |
| **Phili 3: 1- 3** | *"ഒടുവിൽ എന്റെ സഹോദരന്മാരേ, കർത്താവിൽ സന്തോഷിപ്പിൻ. അതേ കാര്യം നിങ്ങൾക്കു പിന്നെയും എഴുതുന്നതിൽ എനിക്കു മടുപ്പില്ല; നിങ്ങൾക്കു അതു ഉറപ്പുമാകുന്നു. നായ്ക്കളെ സൂക്ഷിപ്പിൻ; ആകാത്ത വേലക്കാരെ സൂക്ഷിപ്പിൻ; വിച്ഛേദനക്കാരെ സൂക്ഷിപ്പിൻ. നാമല്ലോ പരിച്ഛേദനക്കാർ; ദൈവത്തിന്റെ ആത്മാവുകൊണ്ടു ആരാധിക്കയും ക്രിസ്തുയേശുവിൽ പ്രശംസിക്കയും ജഡത്തിൽ ആശ്രയിക്കാതിരിക്കയും ചെയ്യുന്ന നാം തന്നേ".* |
| **(c)** | Teaching against the cross. |
| **Phili 3: 18- 19** | *"ഞാൻ പലപ്പോഴും നിങ്ങളോടു പറഞ്ഞതുപോലെ അനേകർ ക്രിസ്തുവിന്റെ ക്രൂശിനു ശത്രുക്കളായി നടക്കുന്നു എന്നു ഇപ്പോൾ കരഞ്ഞുംകൊണ്ടും പറയുന്നു. അവരുടെ അവസാനം നാശം; അവരുടെ ദൈവം വയറും; ലജ്ജയായതിൽ അവർക്കു മാനം തോന്നുന്നു; അവർ ഭൂമിയിലുള്ളതു ചിന്തിക്കുന്നു".* |

fleettech@gmail.com